

# ഖുർആൻ ബോധനം



എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

70. മനുഷ്യ മക്കളെ നാം ആദരിച്ചിരിക്കുന്നു. കരയിലും കടലിലും സഞ്ചരിക്കാൻ അവർക്കു വാഹനങ്ങളേകി. ആഹരിക്കാൻ വിശിഷ്ട വിഭവങ്ങളരുളി. നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളെക്കാൾ അവരെ ശ്രേഷ്ഠരാക്കിയിരിക്കുന്നു.

۞ وَلَقَدْ كَرَّمْنَا بَنِىٓ ءَادَمَ وَحَمَلْنَٰهُمْ فِى ٱلْبَرِّ وَٱلْبَحْرِ وَرَزَقْنَٰهُم
مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا ﴿٧٠﴾

71. ഇനി ഓരോ ജനതയെയും അവരുടെ നായകനോടുകൂടി നാം വിളിച്ചുകൂട്ടുന്ന ആ ദിനം ഓർക്കുക. അന്ന് കർമപുസ്തകം വലതുകരത്തിൽ ലഭിക്കുന്നവരാരോ, അക്കൂട്ടർ തങ്ങളുടെ കർമപുസ്തകം സന്തോഷപൂർവം വായിക്കുന്നു. അവർ അശേഷം അനീതിക്കിരയാവുന്നതല്ല.

نَدْعُوا۟ كُلَّ أُنَاسٍۭ بِإِمَٰمِهِمْ ۖ فَمَنْ أُوتِىَ كِتَٰبَهُۥ بِيَمِينِهِۦ فَأُو۟لَٰٓئِكَ
يَقْرَءُونَ كِتَٰبَهُمْ وَلَا يُظْلَمُونَ فَتِيلًا ﴿٧١﴾

72. എന്നാൽ, ഈ ലോകത്ത് സത്യ-ധർമങ്ങളിൽ അന്ധനായി വർത്തിച്ചവനോ, അവൻ പരലോകത്തും അന്ധനാകുന്നു, എന്നല്ല രക്ഷാമാർഗം പ്രാപിക്കുന്നതിൽ അന്ധനെക്കാൾ പരാജിതനായിരിക്കും.

وَمَن كَانَ فِى هَٰذِهِۦٓ أَعْمَىٰ فَهُوَ فِى ٱلْءَاخِرَةِ أَعْمَىٰ وَأَضَلُّ سَبِيلًا ﴿٧٢﴾

وَلَقَدْ كَرَّمْنَا = തീർച്ചയായും നാം ആദരിച്ചിരിക്കുന്നു  بَنِىٓ ءَادَمَ = ആദമിന്റെ പുത്രന്മാരെ(മനുഷ്യ മക്കളെ)
وَحَمَلْنَٰهُمْ = നാം അവരെ വഹിപ്പിച്ചു(സഞ്ചരിക്കാൻ വാഹനമേകി)  فِى ٱلْبَرِّ = കരയിൽ  وَٱلْبَحْرِ = കടലിലും
وَرَزَقْنَٰهُم = നാം ആഹാരം(രിക്കാൻ) ഏകി  مِّنَ ٱلطَّيِّبَٰتِ = നല്ലതുകളിൽനിന്ന്(വിശിഷ്ട വിഭവങ്ങൾ)
وَفَضَّلْنَٰهُمْ = നാം അവരെ ശ്രേഷ്ഠരാക്കി, അനുഗ്രഹിച്ചു
عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا = നാം സൃഷ്ടിച്ചതിൽനിന്നുള്ള നിരവധി സൃഷ്ടികളെക്കാൾ
تَفْضِيلًا = ഒരു (വലിയ) ശ്രേഷ്ഠമാക്കൽ, അനുഗ്രഹിക്കൽ
يَوْمَ نَدْعُوا۟ = (ഇനി) നാം വിളിക്കു(ച്ചു കൂട്ടു)ന്ന ദിനം (ഓർക്കുക)
كُلَّ أُنَاسٍۭ = ഓരോ ജനതയെയും  بِإِمَٰمِهِمْ = അവരുടെ നായകനോടു കൂടെ
فَمَنْ أُوتِىَ كِتَٰبَهُۥ بِيَمِينِهِۦ = (അന്ന്) തന്റെ (കർമ) പുസ്തകം തന്റെ വലതു കൈയിൽ ലഭിക്കുന്നവൻ
فَأُو۟لَٰٓئِكَ = അക്കൂട്ടർ  يَقْرَءُونَ كِتَٰبَهُمْ = അവരുടെ (കർമ) പുസ്തകം (സന്തോഷപൂർവം) വായിക്കുന്നു
وَلَا يُظْلَمُونَ = അവർ അനീതി ചെയ്യപ്പെടുന്നതല്ല  فَتِيلًا = തരിമ്പും (അശേഷം)
وَمَن كَانَ فِى هَٰذِهِۦٓ أَعْمَىٰ = ഇതിൽ(ഈ ലോകത്ത് സത്യധർമങ്ങളിൽ) അന്ധനായവൻ(യി വർത്തിച്ചവൻ)
فَهُوَ = അവൻ  فِى ٱلْءَاخِرَةِ = പരലോകത്തിൽ  أَعْمَىٰ = അന്ധനാകുന്നു
وَأَضَلُّ = ഏറ്റം പിഴച്ചവനുമാകുന്നു(എന്നല്ല അന്ധനെക്കാൾ പരാജിതനായിരിക്കും)
سَبِيلًا = വഴിയാൽ (രക്ഷാമാർഗം പ്രാപിക്കുന്നതിൽ)

**70.** 56-ാം സൂക്തം മുതൽ പറഞ്ഞുവന്നത് ഇതാണ്: വിഗ്രഹാരാധകർ വെച്ചുപുലർത്തുന്നത് തികഞ്ഞ സത്യനിഷേധവും അന്ധവിശ്വാസവും അനാചാരവുമാണ്. ചെകുത്താനാണ് അതിലേക്കവരെ നയിക്കുന്നത്. സൃഷ്ടികളെ രക്ഷിക്കാനും ശിക്ഷിക്കാനും കഴിവുള്ളവൻ അല്ലാഹു മാത്രമാണ്. അവനാണ് മനുഷ്യ ജീവിതത്തിനുപയുക്തമായവണ്ണം ഈ പ്രപഞ്ചത്തെ സംവിധാനിച്ചത്. രക്ഷിക്കാനും ശിക്ഷിക്കാനും അവന്നു മാത്രമേ കഴിയൂ എന്നതിന്റെ ഉദാഹരണമായി മനുഷ്യരുടെ സമുദ്ര സഞ്ചാരത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചു. അനന്തരം അല്ലാഹു മനുഷ്യനരുളിയ മഹത്വവും അനുഗ്രഹങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് അവന്റെ ഉത്തരവാദിത്വത്തെക്കുറിച്ചുണർത്തുകയാണ് ഈ സൂക്തം.

അല്ലാഹുവിനാൽ സവിശേഷം ആദരിക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്ത സൃഷ്ടിയാണ് 'മനുഷ്യൻ,' ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധി–خليفة–യായി നിശ്ചയിക്കപ്പെട്ടവനാണവൻ. ഈ പ്രാതിനിധ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായത് മറ്റുപല സൃഷ്ടികൾക്കുമില്ലാത്ത അതുല്യമായ നിരവധി ഗുണങ്ങളും കഴിവുകളും മനുഷ്യന് നൽകിയിരിക്കുന്നു. മനുഷ്യന്റെ രൂപം തന്നെ അതിസുന്ദരമാണ്. അവനോളം സുന്ദര രൂപിയായ മറ്റൊരു ജീവിയുമില്ല. അവന്റെ ശരീര ഘടനയും അതുല്യമാണ്. മനുഷ്യന്റെ വികാസത്തെ ഏറെ സഹായിക്കുന്നതാണവന്റെ ശരീര ഘടന. ഇച്ഛിക്കാനും തെരഞ്ഞെടുക്കാനും ദൈവത്തെ അനുസരിക്കുന്നതുപോലെ ധിക്കരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട് മനുഷ്യന്. ബുദ്ധി, വിവേചനശക്തി, സംസാരശേഷി തുടങ്ങിയവയും അവന്റെ മഹിത ഗുണങ്ങളാണ്. മനുഷ്യരല്ലാത്ത സകലജീവികളും ചലിക്കുന്നത് അവയുടെ ശരീരം കൊണ്ടാണ്. സസ്യങ്ങൾക്കും അചേതന വസ്തുക്കൾക്കും സ്വന്തമായ ചലനശേഷിയേ ഇല്ല. മനുഷ്യന് അവന്റെ ശരീരാവയവങ്ങൾ കൊണ്ട് ചലിക്കാൻ കഴിയുന്നതുപോലെ ഇതര ജീവികളിലൂടെയും അചേതന ജഡവസ്തുക്കളിലൂടെയും സഞ്ചരിക്കാൻ കഴിയുന്നു. ആദ്യകാലത്ത് കരയിൽ സഞ്ചരിക്കാൻ മൃഗങ്ങളും രഥങ്ങളുമുപയോഗിച്ചു. കടലിൽ സഞ്ചരിക്കാൻ കപ്പലുമുണ്ടാക്കി. ഇന്നവന്ന് കരയിലും കടലിലും അന്തരീക്ഷത്തിലും സഞ്ചരിക്കാൻ യന്ത്രവാഹനങ്ങളുണ്ട്. സഞ്ചാരത്തിന് വാഹനങ്ങളുപയോഗിക്കാനും അത് ഇന്നത്തെ രൂപത്തിൽ വികസിപ്പിക്കാനുമുള്ള പ്രചോദനവും കഴിവും പ്രദാനം ചെയ്തത് അല്ലാഹുവാണ്. അവനു വേണമെങ്കിൽ മനുഷ്യന്റെയും സഞ്ചാരം സ്വന്തം ശരീരത്തിന്റെ ചലനശേഷിയിൽ പരിമിതമാക്കാമായിരുന്നു. ജന്തുപരമ്പരക്ക് മനുഷ്യനോളമോ അതിൽ കൂടുതലോ പ്രായമുണ്ട്. പക്ഷേ ആദ്യത്തെ മൃഗം സഞ്ചരിച്ചതുപോലെ തന്നെയാണ് ഇന്നത്തെ മൃഗവും സഞ്ചരിക്കുന്നത്. ഈ വസ്തുത ഓർത്താൽ മതി, വാഹന സൗകര്യമെന്ന ദൈവാനുഗ്രഹത്തിന്റെ മഹത്വം മനസ്സിലാക്കാൻ.

വിശിഷ്ടമായ വിഭവങ്ങൾ തെരഞ്ഞെടുത്തും ഉൽപാദിപ്പിച്ചും സംസ്കരിച്ചും ആഹരിക്കാനുള്ള കഴിവാണ് മനുഷ്യനു ലഭിച്ച മറ്റൊരു ദൈവാനുഗ്രഹം. ഭൂമിയിലെ മറ്റൊരു ജന്തുവിനുമില്ലാത്തതാണീ ഗുണം. തിര്യക്കുകൾ അവയുടെ ജീവിത പരിതസ്ഥിതിയിൽ ലഭ്യമാകുന്ന വിഭവങ്ങൾ കൊണ്ട് തൃപ്തിപ്പെടുന്നു. അതിൽ തെരഞ്ഞെടുപ്പിനുള്ള സാധ്യത ഏറെയൊന്നുമില്ല. പരിതസ്ഥിതി നൽകുന്ന വിഭവങ്ങൾ സംസ്കരിച്ചാഹരിക്കുക അചിന്ത്യമാണവക്ക്. അത് ശേഖരിച്ചു സൂക്ഷിക്കാനുള്ള വാസനയും മിക്ക ജീവികൾക്കുമില്ല. ഇതൊക്കെയുമുള്ള മനുഷ്യൻ ആഹാരകാര്യത്തിലും നിരന്തരം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അത് അവരുടെ ഇതര ജീവിത മുഖങ്ങളെയും വികസിപ്പിക്കുന്നു.

അനുഗ്രഹമെന്നും ശ്രേഷ്ഠതയെന്നും അർഥമുള്ള فَضْل ൽ നിന്നുള്ള സകർമകക്രിയാരൂപമാണ് فَضَّل. രണ്ടർഥത്തിലും كَرَّمَ ക്ക് സമാനമായ പദമാണിത്. ഇവിടെ ഈ രണ്ടു പദങ്ങളും തമ്മിലുള്ള വ്യത്യാസത്തെ ഉസ്താദ് വഹ്ബതുസ്സുഹൈലി ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: "ബുദ്ധി, വാമൊഴിയിലൂടെയും വരമൊഴിയിലൂടെയും ആശയവിനിമയം ചെയ്യാനുള്ള കഴിവ്, ആകാര സൗഷ്ടവം തുടങ്ങിയ പ്രകൃതിപരവും ഘടനാപരവുമായ ഗുണങ്ങൾ നൽകിയതിനെയാണ് كَرَّم കൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ബുദ്ധിയുപയോഗിച്ച് നന്മതിന്മകളും ഉത്തമ ധർമങ്ങളും വേർതിരിച്ചറിയാനും ജീവിതത്തിന്റെ അർഥവും പ്രപഞ്ചത്തിന്റെ യാഥാർഥ്യവും കണ്ടെത്താനുമുള്ള കഴിവും, സ്വന്തം കർമശേഷി യുക്തിബോധത്തോടെ പ്രയോഗിച്ച് ഇതര സൃഷ്ടികളെ സ്വന്തം താൽപര്യങ്ങൾക്കനുഗുണമായി ഉപയോഗപ്പെടുത്തി സ്വജീവിതം അവയെക്കാൾ മെച്ചപ്പെടുത്താനും സുന്ദരമാക്കാനുമുള്ള പ്രചോദനവും സൗകര്യവും നൽകിയതാണ് تَفَضَّل.

മറ്റു സൃഷ്ടികളെ വാഹനങ്ങളായി ഉപയോഗപ്പെടുത്തൽ, ഉത്തമ വിഭവങ്ങൾ ശേഖരിക്കൽ തുടങ്ങിയ ഗുണങ്ങളെല്ലാം മഹത്തരമാണ്. അവ അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു എന്ന ആശയത്തിന് ഊന്നൽ നൽകുന്നതാണ് സൂക്താന്ത്യത്തിലെ تفضيلا (ഒരു ശ്രേഷ്ഠമാക്കൽ, അനുഗ്രഹിക്കൽ) എന്ന പദം. ക്രിയയെ ക്രിയാ മൂലം കൊണ്ട് ശക്തിപ്പെടുത്തുക അറബി ഭാഷയിലെ ഒരു രീതിയാണ്. ഞാനയാൾക്ക് നല്ലൊരു അടി കൊടുത്തു എന്ന അർഥത്തിൽ ضربا ضربته എന്നു പറയും.

وَفَضَّلْنَٰهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا (നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളെക്കാൾ അവരെ ശ്രേഷ്ഠരാക്കി) എന്ന വാക്യം പ്രപഞ്ചത്തിലെ മികച്ച സൃഷ്ടിയാണ് മനുഷ്യനെങ്കിലും എല്ലാ സൃഷ്ടികളെക്കാളും മികച്ചതല്ല അവൻ എന്ന് സൂചിപ്പിക്കുന്നു. അവനു തുല്യമോ അവനെക്കാൾ മികച്ചതോ ആയ സൃഷ്ടികൾ വേറെയുമുണ്ട്. മനുഷ്യനെക്കാൾ മികച്ച സൃഷ്ടി വേറെയുണ്ടെങ്കിൽ അതാരാണ്? മലക്കുകളാണതെന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. ഇതിനുപോൽബലകമായി ചില നിവേദനങ്ങൾ ഉദ്ധരിക്കുന്നുണ്ട്. മനുഷ്യനാണ് കൂടുതൽ ശ്രേഷ്ടൻ എന്നു കുറിക്കുന്ന നിവേദനങ്ങളുമുണ്ട്. ഉദാ: "ഞാൻ എന്റെ കരം കൊണ്ട് സൃഷ്ടിച്ചവന്റെ സൽസന്തതികളെ ഞാൻ 'ഉണ്ടാവുക' എന്നു കൽപിച്ചപ്പോൾ ഉണ്ടായവനെപ്പോലെ ആക്കുന്നില്ല" എന്ന് അല്ലാഹു മലക്കുകളെ അറിയിച്ചതായി പറയുന്ന ഒരു നബിവചനം ത്വബ്റാനി ഉദ്ധരിച്ചിരിക്കുന്നു. "അല്ലാഹുവിങ്കൽ സത്യവിശ്വാസി അവന്റെ സന്നിധിയിലുള്ള മലക്കുകളെക്കാൾ ആദരണീയരാകുന്നു." എന്ന് അബൂഹുറയ്റ പ്രസ്താവിച്ചിട്ടുള്ളതിനെ ആസ്പദമാക്കി സത്യവിശ്വാസികളായ മനുഷ്യർ മാത്രമേ മലക്കുകളെക്കാൾ ശ്രേഷ്ഠരാകൂ എന്നും അഭിപ്രായമുണ്ട്. അല്ലാഹു പെരുത്ത് സൃഷ്ടികളെ സൃഷ്ടിച്ചിരിക്കുന്നു. അവയിലേറ്റം ശ്രേഷ്ഠ സൃഷ്ടി മനുഷ്യനാണ്. ഇതാണ് സൂക്തത്തിന്റെ താൽപര്യമെന്ന് വ്യാഖ്യാനിച്ചവരും ഉണ്ട്. പ്രവാചകൻ പ്രസ്താവിച്ചതായി ബൈഹഖിയും ത്വബ്റാനിയും ഉദ്ധരിച്ച ഹദീസ് ഈ വ്യാഖ്യാനത്തെ ബലപ്പെടുത്തുന്നു:

ما من شيئ اكرم على الله من بني آدم يوم القيامة. قيل يا رسول الله ولا الملائكة المقربون؟!... قال ولا الملائكة... الملائكة مجبورون بمنزلة الشمس والقمر.

(അന്ത്യനാളിൽ ആദം സന്തതികളെക്കാൾ അല്ലാഹുവിങ്കൽ ആദരണീയരായി മറ്റൊരു വസ്തുവുമില്ല. ചിലർ ചോദിച്ചു: ദൈവസാമീപ്യംസിദ്ധിച്ച മലക്കുകളുമില്ലേ തിരുദൂതരേ? തിരുമേനി പറഞ്ഞു: ഇല്ല... മലക്കുകൾ സൂര്യചന്ദ്രന്മാരെ പോലെ പ്രകൃത്യാ അല്ലാഹുവിനെ അനുസരിക്കാൻ നിർബന്ധിതരാകുന്നു).

ഈ വ്യാഖ്യാനത്തിന് കൂടുതൽ ഔചിത്യമുണ്ട്. മനുഷ്യന്റെ പ്രകൃതിപരമായ യോഗ്യതകളെയും അവന്റെ വികാസക്ഷമതയെയുമാണ് മനുഷ്യ മഹത്വമായി സൂക്തം സൂചിപ്പിക്കുന്നത്. അതവൻ നന്നാവാനോ ചീത്തയാവാനോ അഥവാ സത്യം സ്വീകരിക്കാനോ നിഷേധിക്കാനോ ഉപയോഗിക്കുന്നത് എന്നത് മറ്റൊരു കാര്യമാണ്. ബുദ്ധിയും വിവേചനശക്തിയുമുപയോഗിച്ച് സത്യം കണ്ടെത്താൻ ശ്രമിക്കാതെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വാരിപ്പുണരുന്ന മനുഷ്യർ കാലികളെക്കാൾ മാത്രമല്ല നാൽകാലികളെക്കാൾ അധമരാണെന്ന് ഖുർആൻ പറയുന്നുണ്ട്. അതിനർഥം അത്തരക്കാരിൽ പ്രകൃതിപരമായ ശ്രേഷ്ഠ ഗുണങ്ങൾ ഇല്ലെന്നല്ല. അത് യഥാവിധം ഉപയോഗിക്കുന്നില്ല എന്നാണ്.

അതിവിശാലമായ ഈ അണ്ഡകടാഹത്തിൽ മനുഷ്യരെക്കാളും മലക്കുകളെക്കാളുമെല്ലാം ശ്രേഷ്ഠമായ സൃഷ്ടികൾ വേറെ ഉണ്ടായിക്കൂടാ എന്നൊന്നുമില്ല. അതിഭൗതിക ലോകത്തെക്കുറിച്ച് വളരെ തുഛമായ ജ്ഞാനമേ നമുക്കുള്ളൂ. അതുകൊണ്ട് 'പെരുത്തു സൃഷ്ടികളെക്കാൾ' എന്ന വാക്കിൽ അൽപം സൃഷ്ടികൾ മനുഷ്യനോളമോ അതിലേറെയോ ശ്രേഷ്ഠരാണ് എന്ന സൂചനയുണ്ടെങ്കിൽ ആ സൃഷ്ടികൾ മലക്കുകളും ജിന്നുകളുമല്ലാത്ത മറ്റേതെങ്കിലും അഭൗതിക സൃഷ്ടികളുമായിക്കൂടെന്നില്ല.

**71,72.** മനുഷ്യന് ലഭിച്ച ശ്രേഷ്ഠ ഗുണങ്ങളോടും കഴിവുകളോടും അവന് തികഞ്ഞ ഉത്തരവാദിത്വമുണ്ട്. വെറുമൊരു വിനോദമായിട്ടല്ല; മനുഷ്യൻ അവന്റെ ഉത്തരവാദിത്വം പാലിക്കുന്നുവോ ഇല്ലേ എന്നു പരീക്ഷിക്കുന്നതിനായിട്ടാണ് അല്ലാഹു ഈ ഗുണങ്ങൾ നൽകിയിരിക്കുന്നത്. ഉത്തരവാദിത്വം യഥാവിധി പൂർത്തീകരിക്കുന്നതാരെന്നും ഉത്തരവാദിത്വബോധമില്ലാതെ വർത്തിക്കുന്നതാരെന്നും അല്ലാഹു സൂക്ഷ്മമായി നിരീക്ഷിച്ചു രേഖപ്പെടുത്തുന്നുണ്ട്. ഒരുനാൾ ഈ രേഖകൾ മുന്നിൽ വെച്ചുകൊണ്ട് ഓരോ മനുഷ്യനെയും വിചാരണ ചെയ്യും. അതാണ് ഉയിർത്തെഴുന്നേൽപുനാൾ. അന്ന് ഭൗതിക ജീവിതത്തിൽ ഉത്തരവാദിത്വങ്ങൾ പൂർത്തീകരിച്ചവർ രക്ഷിക്കപ്പെടുന്നു. അല്ലാത്തവർ ശിക്ഷിക്കപ്പെടുന്നു. ബോധവും വിവേകവുമുള്ളവർ ഈ യാഥാർഥ്യം ഓർത്തുകൊണ്ട് ആ ഓർമ താൽപര്യപ്പെടുന്ന ജീവിതക്രമം സ്വീകരിച്ചുകൊള്ളണം. ഇതാണ് ഈ സൂക്തങ്ങളിൽ ഉണർത്തുന്നത്. 'വിളിക്കുന്ന ദിവസം' കൊണ്ടുദ്ദേശ്യം ലോകാവസാനത്തെത്തുന്ന ഉയിർത്തെഴുന്നേൽപുനാളാണ്. മനുഷ്യ കൂട്ടമാണ് أناس. മനുഷ്യരുടെ വാക്കും പ്രവൃത്തിയും വിചാരവുമെല്ലാം രേഖപ്പെടുത്തിയ പുസ്തകമാണ് ഇവിടെ പരാമർശിക്കുന്ന كتاب. ജനക്കൂട്ടത്തിന്റെ നേതാവും ആചാര്യനുമാണ് امام. ഇമാമിന് ആത്മീയവും ഭൗതികവുമായ നേതൃത്വമുണ്ടായിരിക്കും. രാഷ്ട്രീയ നേതൃത്വം മാത്രമുള്ളവരെ സുൽത്താൻ, അമീർ, മലിക്ക്, റഈസ് എന്നൊക്കെ പറയുന്നു. يمين ഭാഷാർഥം 'വലത്' ആണ്. ഒരാളുടെ വലത് വശത്തിനും വലതു കൈക്കും يمين എന്നു പറയും. വലതു വശത്തിന് يَمْنَة എന്നു പറയും. ശപഥം, പ്രതിജ്ഞ എന്നും يمين ന് അർഥമുണ്ട്. يُمْن അനുഗ്രഹവും സൗഭാഗ്യവുമാണ്. ആധുനിക രാഷ്ട്രീയ വ്യവഹാരങ്ങളിൽ വലത് യാഥാസ്ഥിതികത്വത്തെയും മുതലാളിത്തത്തെയും പ്രതിനിധാനം ചെയ്യുന്ന പദവും ഇടത് വിപ്ലവത്തെയും മുതലാളിത്ത നിഷേധത്തെയും പ്രതിനിധാനം ചെയ്യുന്ന പദവുമാണല്ലോ. എന്നാൽ, ആദ്യത്തേത് നന്മയെയും സൗഭാഗ്യത്തെയും രണ്ടാമത്തേത് തിന്മയെയും ദൗർഭാഗ്യത്തെയും പ്രതിനിധാനം ചെയ്യുന്നുവെന്നാണ് പൗരാണിക സങ്കൽപം. രാഷ്ട്രീയേതര വ്യവഹാരങ്ങളിൽ ഇന്നും അതങ്ങനെ തന്നെയാണ്. ഈയടിസ്ഥാനത്തിൽ ഭൗതിക ജീവിതത്തിൽ സത്യവും ധർമവുമനുഷ്ഠിച്ച് മരണാനന്തര ജീവിതത്തിൽ സൗഭാഗ്യത്തിനർഹരാകുന്നവരെ اصحاب اليمين എന്നും ഭൗതിക ജീവിതത്തിൽ അസത്യവും അധർമവുമാചരിച്ച് മരണാനന്തര ജീവിതത്തിൽ നരകാവകാശികളാകുന്ന ദൗർഭാഗ്യവാന്മാരെ اصحاب الشمال എന്നും ഖുർആൻ വിശേഷിപ്പിക്കുന്നുണ്ട്. നന്മ നിറഞ്ഞ കർമജീവിതം നയിച്ചവരുടെ, സൗഭാഗ്യ സൂചനയാണ് കർമപുസ്തകം വലതു കൈയിൽ ലഭിക്കുന്നത്. ഈത്തപ്പഴക്കുരുവിന്റെ വിളുമ്പിൽ നേരിയ നൂലു പോലെ കാണപ്പെടുന്ന വെളുത്ത വസ്തുവാണ് ഭാഷയിൽ فتيل. കടുകിട, അശേഷം, തരിമ്പ് തുടങ്ങിയവ ഇതിന്റെ പ്രയോഗാർഥങ്ങളാണ്.

ഉയിർത്തെഴുന്നേൽപു നാളിൽ ഓരോ ജനതയെയും അവരുടെ നേതാക്കളോടൊപ്പം തന്റെ സമക്ഷം ഹാജരാക്കാൻ അല്ലാഹു കൽപിക്കും. സജ്ജനങ്ങളോടൊപ്പം ഹാജരാകുന്ന നേതാക്കൾ അവരുടെ പ്രവാചകന്മാരായിരിക്കും. അതത് കാലത്ത് നയിച്ചിരുന്ന ദുഷ്ടരോ ശിഷ്ടരോ ആയ നേതാക്കളാണുദ്ദേശ്യമെന്നും വ്യാഖ്യാനമുണ്ട്. രണ്ടായാലും അവർ ആ ജനതകളുടെ സാക്ഷികളാകുന്നു. *അന്നിസാഅ്* 41–ാം സൂക്തം അത് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്:

فَكَيْفَ إِذَا جِئْنَا مِن كُلِّ أُمَّةٍۭ بِشَهِيدٍ وَجِئْنَا بِكَ عَلَىٰ هَٰٓؤُلَآءِ شَهِيدًا

(സകല സമുദായത്തിനും നാം അതിന്റെ സാക്ഷിയെയും, ഇക്കൂട്ടർക്ക് സാക്ഷിയായി നിന്നെയും ഹാജരാക്കുന്ന സന്ദർഭം ഓർത്തു നോക്കുക). ദുഷ്ട ജനങ്ങൾക്ക് ദുഷ്ടരായ നേതാക്കളുണ്ടെന്ന് ഖുർആൻ പറയുന്നുണ്ട്. وَجَعَلْنَٰهُمْ أَئِمَّةً يَدْعُونَ إِلَى ٱلنَّارِ (നാം അവരെ നരകത്തിലേക്ക് വിളിക്കുന്ന നേതാക്കളാക്കിയിരിക്കുന്നു–28:41). സ്വന്തം നേതാക്കളോടൊപ്പം ഹാജരാക്കുന്ന ജനതതികളിലെ ഓരോ വ്യക്തിക്കും അവരുടെ ഭൗതിക ജീവിതത്തിലെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ പുസ്തകം നൽകുന്നു.

സജ്ജനങ്ങളുടെ കർമ പുസ്തകം വലതു കരത്തിലാണ് വെച്ചു കൊടുക്കുക. തങ്ങളുടെ ചെറുതും വലുതുമായ എല്ലാ സൽകർമങ്ങളും അതിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കും. അവരത് ആശ്വാസത്തോടെ, സന്തോഷത്തോടെ വായിക്കുന്നു. ഓരോ സൽകർമത്തിനും മഹത്തായ പ്രതിഫലം ലഭിക്കുന്നു. ഇഹലോകത്ത് സത്യത്തിനും ധർമത്തിനും നേരെ അന്ധരായി വർത്തിച്ചവരുടെ കർമപുസ്തകം അവരുടെ ഇടതു കൈയിലാണ് വെച്ചു കൊടുക്കുക. അവിടെ അവർ യഥാർഥത്തിൽ തന്നെ അന്ധരായിത്തീരുന്നു. രക്ഷയുടെയും സമാധാനത്തിന്റെയും വഴി കണ്ടെത്തുന്നതിൽ അന്ധരേക്കാൾ പരിതാപകരമായിരിക്കും അവരുടെ അവസ്ഥ.

وَأَمَّا مَنْ أُوتِىَ كِتَٰبَهُۥ بِشِمَالِهِۦ فَيَقُولُ يَٰلَيْتَنِى لَمْ أُوتَ كِتَٰبِيَهْ

(കർമ പുസ്തകം ഇടതു കരത്തിൽ ലഭിക്കുന്നവനോ, എനിക്കീ കർമപുസ്തകം ലഭിക്കാതിരുന്നെങ്കിൽ എത്ര നന്നായേനേ എന്നു വിലപിച്ചുകൊണ്ടിരിക്കും– 69:25). ■